بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝

# ജുമുഅഃ ഖുത്ബ സംഗ്രഹം 02.09.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 31

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِکِ يَوۡمِ الدِّيۡنِ ۝ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഹദ്റത്ത് അബൂബക്കർ (റ) ന്റെ യുദ്ധങ്ങളെ കുറിച്ചുള്ള അനുസ്മരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതോടനുബന്ധിച്ച് ഹിജ്റ പതിമൂന്നിനുണ്ടായ ഡമാസ്കസ് വിജയത്തെ കുറിച്ച് വിശദീകരിക്കുന്നതാണ്. ഇത് ഹദ്റത്ത് അബൂബക്കർ (റ) ന്റെ കാലത്തുണ്ടായിരുന്ന അവസാനത്തെ യുദ്ധമായിരുന്നു.

ഹദ്റത്ത് അബൂബക്കർ (റ) സിറിയയിലേക്ക് വിവിധ സൈന്യങ്ങളെ അയക്കുകയുണ്ടായി. ഹദ്റത്ത് അബൂ ഉബൈദയെ ഒരു സൈന്യത്തിന്റെ അമീറായി നിയമിച്ചുകൊണ്ട് ഡമാസ്കസിന് സമീപമുള്ള സിറിയയുടെ സുപ്രസിദ്ധവും പൗരാണികവുമായ പട്ടണമായിരുന്ന ഹോംസിൽ എത്താൻ കൽപ്പിച്ചു. ഹദ്റത്ത് അബൂബക്കർ (റ) ന്റെ നിർദേശത്തെ തുടർന്ന് ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഡമാസ്കസിൽ എത്തുകയും മറ്റു മുസ്‌ലിം സൈന്യങ്ങളോടൊപ്പം ചേർന്ന് അവരെ ഉപരോധിക്കുകയും ചെയ്തു. അപ്രകാരം ഇരുപത് ദിവസം കഴിഞ്ഞിട്ടും ഒരു ഫലവുമുണ്ടായില്ല. അതിനിടയിൽ ഹിറാക്ലിയസ് ചക്രവർത്തി അജ്നാദൈൻ എന്ന സ്ഥലത്ത് റോമക്കാരുടെ വലിയ സൈന്യത്തെ ഒരുമിച്ചുകൂട്ടുന്നുണ്ടെന്ന് മുസ്ലീംകൾക്ക് അറിയിപ്പ് ലഭിച്ചു. ഈ അറിയിപ്പ് ലഭിച്ച ഉടൻ ഹദ്റത്ത് ഖാലിദ് കിഴക്കു ഭാഗത്തുള്ള കവാടത്തിലൂടെ പുറപ്പെട്ട് ജാബിയ കവാടത്തിൽ, ഹദ്റത്ത് അബൂ ഉബൈദയുടെ അടുക്കലെത്തിക്കൊണ്ട് സ്ഥിതിഗതികളെ കുറിച്ച് അറിയിപ്പ് നൽകിയശേഷം തന്റെ അഭിപ്രായമറിയിച്ചു. അതായത് നമ്മൾ ഡമാസ്കസിന്റെ ഉപരോധം ഉപേക്ഷിച്ചുകൊണ്ട് അജ്നാദൈനിലുള്ള റോമൻ സൈന്യവുമായി ഏറ്റുമുട്ടാമെന്നും ഒരുപക്ഷെ അല്ലാഹു നമുക്ക് വിജയം നൽകുകയാണെങ്കിൽ പിന്നീട് ഇവിടെ തിരിച്ചു വരാമെന്നും അറിയിച്ചു. എന്നാൽ തന്റെ അഭിപ്രായം അതിന് നേർ വിപരീതമാണെന്ന് ഹദത്ത് ഹദ്റത്ത് അബൂ ഉബൈദ പറയുകയുണ്ടായി. ഹദ്റത്ത് ഖാലിദ് ഹദ്റത്ത് അബൂ ഉബൈദയുടെ അഭിപ്രായത്തോട് യോജിക്കുകയും കോട്ടയുടെ ഉപരോധം തുടരുകയും ചെയ്തു. അങ്ങനെ ഡമാസ്കസിന്റെ ഉപരോധത്തിൽ ഇരുപത്തിയൊന്ന് ദിവസം പിന്നിട്ടു, ഹദ്റത്ത് ഖാലിദ് മുസ്‌ലിംകൾക്ക് ശക്തമായ അക്രമണം നടത്താനുള്ള പ്രേരണ നൽകിക്കൊണ്ട് സ്വയം കിഴക്കൻ കവാടത്തിൽ നിന്നും തുടർച്ചയായുള്ള അക്രമണം തുടങ്ങി. അങ്ങനെ അദ്ദേഹം യുദ്ധത്തിൽ വ്യാപൃതനായിരിക്കെ പെട്ടെന്ന് കോട്ടയുടെ മതിലുകൾക്ക് മുകളിലുണ്ടായിരുന്ന റോമക്കാർ കൈകൊട്ടിയും നൃത്തം ചെയ്തും അവരുടെ സന്തോഷം പ്രകടിപ്പിക്കുന്നതായി കണ്ടു. മുസ്‌ലിംകൾ ആശ്ചര്യത്തോടുകൂടി അവരെ നോക്കി. ഹദ്ത്ത് ഖാലിദ്(റ) ഒരു ഭാഗത്ത് നോക്കിയപ്പോൾ അവരുടെ നേരെ ഒരു വലിയ പൊടിക്കാറ്റ് ഉയരുന്നതായിക്കണ്ടു. അതിനാൽ ആകാശം ഇരുളുന്നതായും പകൽ സമയത്തും അന്ധകാരം വ്യാപിക്കുന്നതായും കണ്ടു. ഡമാസ്കസിനെ സഹായിക്കാൻ ഹിറാക്ലിയസ് ചക്രവർത്തിയുടെ സൈന്യം വരികയാണെന്ന കാര്യം അദ്ദേഹം പെട്ടെന്ന് മനസ്സിലാക്കി.

ഹദ്റത്ത് ഖാലിദ് പെട്ടന്നു തന്നെ ഹദ്റത്ത് അബൂ ഉബൈദയോട് സ്ഥിതിഗതികളെ കുറിച്ച് അറിയിപ്പ് നൽകിക്കൊണ്ട് പറഞ്ഞു, മുഴുവൻ സൈന്യവുമായി ഹിറാക്ലിയസ് ചക്രവർത്തിയുടെ സൈന്യത്തെ നേരിടാനാണ് ഞാൻ ആഗ്രഹിക്കുന്നത് അതിനെ കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ് ?ഹദ്റത്ത് അബൂ ഉബൈദ (റ) പറഞ്ഞു, അത് ശരിയല്ല കാരണം നമ്മൾ ഈ സ്ഥലം ഒഴിഞ്ഞാൽ കോട്ടക്കകത്തുള്ളവർ പുറത്തുവന്ന് നമ്മളുമായി യുദ്ധം ചെയ്യും. അപ്രകാരം നമ്മൾ റോമക്കാരുടെ ഇരു സൈന്യങ്ങൾക്കിടയിൽ പ്രയാസത്തിലകപ്പെടുന്നതാണ്. ഹദ്റത്ത് ഖാലിദ് (റ) വീണ്ടും അഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, താങ്കൾ ശക്തനും യോദ്ധാവുമായ ഒരാളെ തിരഞ്ഞെടുക്കുകയും അയാളോടൊപ്പം ഒരു സംഘത്തെ ശത്രുക്കളെ നേരിടാൻ അയക്കുകയും ചെയ്യുക. അങ്ങനെ അദ്ദേഹം ഹദ്റത്ത് ളിറാർ ബിൻ അസ്‌വറിനെ അഞ്ഞൂറ് സൈനികർ അടങ്ങുന്ന സൈന്യം നൽകിക്കൊണ്ട് റോമൻ സൈന്യത്തെ നേരിടാൻ പറഞ്ഞയച്ചു. മറ്റൊരു നിവേദനത്തിൽ സൈനീകരുടെ എണ്ണം അയ്യായിരമാണെന്നും വന്നിട്ടുണ്ട്.

മുസ്‌ലിംകൾ ധൈര്യസമേതം റോമൻ സൈന്യത്തിനുമേൽ തുടർച്ചയായി അക്രമണം നടത്തി. റോമൻ സൈന്യാധിപന്റെ മകൻ ഹദ്റത്ത് ളിറാറിനെ ആക്രമിച്ചു, അദ്ദേഹത്തിന്റെ ഇടതു കയ്യിൽ കുന്തം കൊണ്ട് കുത്തിയ കാരണത്താൽ ശക്തമായ രക്തപ്രവാഹമുണ്ടായി. എന്നാൽ ഒരു നിമിഷത്തിനകം തന്നെ അദ്ദേഹം അയാളുടെ നെഞ്ചിലേക്ക് കുന്തം കൊണ്ട് കുത്തി അയാളെ കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ കുന്തം അയാളുടെ നെഞ്ചിൽ തറക്കുകയും കുന്തമുന പൊട്ടിപ്പോകുകയും ചെയ്തു. അദ്ദേഹത്തിന്റെ കയ്യിൽ കുന്തം ഇല്ല എന്നു കണ്ട റോമൻ സൈന്യം അദ്ദേഹത്തിന്റെ അടുത്തേക്ക് കുതിക്കുകയും അദ്ദേഹത്തെ ബന്ധനസ്ഥനാക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് (റ)ന് അദ്ദേഹം ബന്ധനസ്ഥനാണെന്ന വിവരം ലഭിച്ചപ്പോൾ അദ്ദേഹം ഏറെ അസ്വസ്ഥനാകുകയും കൂടെയുള്ളവരോട് റോമൻ സൈന്യത്തെ കുറിച്ച് അറിഞ്ഞ ശേഷം ഹദ്റത്ത് അബൂ ഉബൈദയുമായി കൂടിയാലോചന നടത്തി. ഡമാസ്കസിന്റെ ഉപരോധത്തിനുള്ള ഉചിതമായ സംവിധാനം ഏർപ്പെടുത്തിയതിനു ശേഷം താങ്കൾക്ക് യുദ്ധം ചെയ്യാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

ഇതിനിടയിൽ പടച്ചട്ടക്കുമേൽ വസ്ത്രമണിഞ്ഞ് ഒരു ചുവന്ന കുതിരക്ക് മേൽ സഞ്ചരിക്കുന്ന അപരിചിതനായ കുതിര സവാരിക്കാരനെ സൈന്യത്തിന്റെ മുൻ നിരയിലായി കാണാനിടയായി, രൂപ ഭാവങ്ങളിൽ നിന്നും അയാളുടെ ധൈര്യവും ബുദ്ധി സാമർഥ്യവും യുദ്ധ നൈപുണ്യവും വ്യക്തമായിരുന്നു. ഹദ്റത്ത് ഖാലിദ് ആ കുതിരപ്പടയാളി ആരാണെന്ന് അറിയാൻ ആഗ്രഹിച്ചിരുന്നു. ഇസ്‌ലാമിക സൈന്യം ശത്രുക്കൾക്കടുത്തെത്തിയപ്പോൾ പരുന്ത് ചെറിയ പക്ഷികൾക്കുമേൽ ആക്രമണം നടത്തുന്ന ധൈര്യത്തോടുകൂടി അദ്ദേഹം ശത്രു സൈന്യത്തെ ആക്രമിച്ചു. കൂടാതെ അദ്ദേഹത്തിന്റെ ഒരു ആക്രമണം തന്നെ ശത്രു സൈന്യത്തിൽ കോളിളക്കമുണ്ടാക്കി. ശവശരീരങ്ങൾ കുമിഞ്ഞുകൂടി. ഹദ്റത്ത് ഖാലിദ് (റ) നിർബന്ധിച്ച് ചോദിച്ചപ്പോൾ താൻ ളിറാറിന്റെ സഹോദരി ഖൗല ബിൻത് അസ്‌വർ ആണെന്ന് പറഞ്ഞു, സഹോദരൻ ബന്ധനസ്ഥനാണെന്നറിഞ്ഞപ്പോഴാണ് നിങ്ങൾ ഈ കണ്ടതെല്ലാം ഞാൻ ചെയ്തത്.

ഹദ്റത്ത് ഖാലിദ് (റ) ന്റെ ശക്തമായ ആക്രമണത്തിന്റെ ഫലമായി റോമക്കരുടെ കാലിടറുകയും അവരുടെ സൈന്യം ഛിന്നഭിന്നമാകുകയും ചെയ്തു. ധീരത പ്രകടിപ്പിച്ചുകൊണ്ട് പോരാടിയ ഹദ്റത്ത് രാഫിഅ് (റ) നോട് ഹദ്റത്ത് ഖാലിദ് (റ) പറഞ്ഞു, നിങ്ങൾക്ക് വഴികളെ കുറിച്ച് നല്ലപോലെ അറിയാമല്ലൊ, ഹോംസിൽ എത്തുന്നതിനു മുമ്പേ തന്നെ നിങ്ങൾക്കിഷ്ടമുള്ള യുവാക്കളെയും കൂട്ടി ഹദ്റത്ത് ളിറാർ (റ) നെ മോചിപ്പിക്കുകയും അല്ലാഹുവിന്റെ പക്കൽ പ്രതിഫലത്തിന് അർഹരായി ത്തീരുകയും ചെയ്യുക. അവർ പോകുന്നതേ ഉണ്ടായിരുന്നുള്ളു ഹദ്റത്ത് ഖൗലയും വലിയ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് കൂടെ പോകാനുള്ള അനുവാദം വാങ്ങി. പിന്നീടുള്ള ആക്രമണത്തിന്റെ ഫലമായി ഹദ്റത്ത് ളിറാർ (റ) നെ അല്ലാഹു മോചിപ്പിക്കുകയും ചെയ്തു.

മറുവശത്ത് ഇസ്‌ലാമിക സൈന്യം ഡമാസ്കസിൽ തമ്പടിച്ചിരിക്കുകയായിരുന്നു. കോട്ട ഉപരോധം തുടർന്നുകൊണ്ടിരുന്നു. ബസ്റയിൽ നിന്നും ഹദ്റത്ത് ഇബാദ് ബിൻ സഈദ് (റ) ഹദ്റത്ത് ഖാലിദി (റ) ന്റെ അടുത്തെത്തുകയും അജ്നാദൈനിൽ റോമക്കാർ തൊണ്ണൂറായിരം സൈന്യവുമായി ഒരുമിച്ചുകൂടിയിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് (റ) ഹദ്റത്ത് അബൂ ഉബൈദയുമായി കൂടിയാലോചന നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, നമ്മുടെ സൈന്യം സിറിയയുടെ വിവിധ പ്രദേശങ്ങളിൽ ചിതറിക്കിടക്കുകയാണ്, അതിനാൽ അവർക്കെല്ലാം കത്തെഴുതി അജ്നാദൈനിൽ നമ്മുടെ അടുത്തേക്ക് വരാൻ ആവശ്യപ്പെടണം, നമുക്കും ഡമാസ്കസ് കോട്ടയുടെ ഉപരോധം അവസാനിപ്പിച്ച് അജ്നാദൈനിലേക്ക് നീങ്ങാം. ഇവിടെ മുസ്‌ലിം സൈന്യം മുന്നേറുകയും മറു വശത്ത് ഡമാസ്കസുകാർ ഹിറാക്ലിയസിന്റെ ഏറെ വിശ്വസ്തനും നല്ല അമ്പെയ്ത്തുകാരനുമായിരുന്ന പോൾ എന്ന് പേരുള്ള ഒരു വ്യക്തിയുടെ അടുക്കൽ ഒരുമിച്ചുകൂടി. അയാൾ ഇതിന് മുമ്പ് ഒരു യുദ്ധത്തിലും സ്വഹാബാക്കളുടെ മുമ്പിൽ വന്നിട്ടുണ്ടായിരുന്നില്ല, അയാളെ അമീറായി നിശ്ചയിക്കുകയും എല്ലാ നിലക്കും പ്രലോഭിപ്പിച്ചുകൊണ്ട് യുദ്ധത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. അയാൾ വളരെ ശീഘ്രഗതിയിൽ ആറായിരം സവാരികളും പതിനായിരം കാലാൾപ്പടയുമായി മുസ്ലീംകളെ നേരിടാൻ പുറപ്പെട്ടു. ഹദ്റത്ത് അബൂ ഉബൈദ പോളുമായുള്ള യുദ്ധത്തിൽ വ്യാപൃതനായിരുന്നു. അപ്പോഴേക്കും വിവിധ സ്ഥലങ്ങളിൽ നിന്നും വന്ന മുസ്‌ലിം സൈന്യം അവിടെ എത്രത്തോളം ശക്തമായി ആക്രമിച്ചുവെന്നാൽ ഡമാസ്കസിൽ നിന്നും വന്ന് യുദ്ധം ചെയ്യുന്ന റോമക്കർക്ക് അവരുടെ ദയനീയ പരാജയം ഉറപ്പായി. ഹദ്റത്ത് ളിറാർ തീനാളം പോലെ പോളിനടുത്തേക്ക് കുതിച്ചു. അയാൾക്ക് അദ്ദേഹത്തെ കണ്ടപ്പോൾ മനസ്സിലാകുകയും ഭയന്നു വിറക്കുകയും ഓടുകയും ചെയ്തു, അദ്ദേഹം അയാളെ പിന്തുടരുകയും ജീവനോടെ പിടികൂടി ബന്ധനസ്ഥനാക്കുകയും ചെയ്തു. ആ യുദ്ധത്തിൽ ശത്രുക്കളുടെ ആറായിരം ആളുകളിൽ ഏറെക്കുറെ നൂറുപേർ മാത്രമേ രക്ഷപ്പെട്ടിരുന്നുള്ളൂ. മറുവശത്ത് പോളിന്റെ സഹോദരൻ പീറ്റർ കാൽപ്പടയാളികളുമായി സ്ത്രീകളുടെ അടുത്തേക്ക് നീങ്ങുകയും കുറച്ചു സ്ത്രീകളെ ബന്ദികളാക്കി ഡമാസ്കസിലേക്ക് തിരിക്കുകയും ചെയ്തു. ഹദ്റത്ത് ളിറാർ (റ) ഹദ്റത്ത് ഖൗലയുടെ ബന്ധനത്തിൽ അസ്വസ്ഥനായിരുന്നു. അപ്പോൾ ഹദ്റത്ത് ഖാലിദ് (റ) അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും

രണ്ടായിരം സൈനികരെയും കൂട്ടി ബാക്കിയുള്ള സൈന്യത്തെ സ്ത്രീകളുടെ സംരക്ഷണത്തിനായി അബൂ ഉബൈദയെ ഏൽപ്പിച്ച് സ്വയം ബന്ദികളായ സ്ത്രീകളെ അന്വേഷിച്ച് പുറപ്പെടുകയും ചെയ്തു. സ്ത്രീകളെ ബന്ദിയാക്കി കൊണ്ടുപോകുന്ന ഭാഗത്ത് എത്തിയപ്പോൾ അവിടെ പൊടിപടലങ്ങൾ ഉയരുന്നതായി കണ്ടു. ഇവിടെ എന്തിനാണ് യുദ്ധം നടക്കുന്നതെന്ന് അദ്ദേഹം അത്ഭുതപ്പെട്ടു. സ്ത്രീകളെ ബന്ദികളാക്കി പോയ ബോലിസിന്റെ സഹോദരൻ പീറ്റർ അരുവിയുടെ അടുത്ത് തന്റെ സഹോദരനെയും പ്രതീക്ഷിച്ച് നിൽക്കുകയായിരുന്നുവെന്നും അവർ പരസ്പരം സ്ത്രീകളെ വീതിക്കാൻ തുടങ്ങിയെന്നും അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു. ആ സ്ത്രീകളിൽ അധികവും ധീരരും കുതിര സവാരികളിൽ നൈപുണ്യമുള്ളവരും എല്ലാ തരം യുദ്ധങ്ങളെ കുറിച്ചും അറിവുള്ളവരുമായിരുന്നു. അവർ ഒരുമിച്ചുകൂടുകയും ഹദ്റത്ത് ഖൗല അവരെ സംബോധന ചെയ്തു കൊണ്ട് അവർക്ക് ആവേശവും ധൈര്യവും പകർന്നു കൊടുത്തു. കൂടാതെ കൂടാരങ്ങളുടെ കാലുകളുടെ സഹായത്താൽ ചങ്ങലയുടെ കണ്ണികളെന്നപോലെ ശത്രുക്കളെ ആക്രമിച്ചു. റോമക്കാർ ആ സ്ത്രീകളുടെ ധൈര്യവും സ്ഥൈര്യവും കണ്ടപ്പോൾ ആശ്ചര്യഭരിതരായി. ശത്രുക്കൾ വീണ്ടും തയ്യാറെടുപ്പുകൾ നടത്തി എന്നാൽ പ്രാരംഭ ആക്രമണത്തിന് മുന്നേ മുസ്‌ലിംകൾ ഹദ്റത്ത് ഖാലിദ് (റ) ന്റെ നേതൃത്വത്തിൽ അവിടെ എത്തി. പീറ്റർ മുസ്‌ലിംകളെ കണ്ടപ്പോൾ അസ്വസ്ഥനായി ഓടാൻ തുടങ്ങി. എന്നാൽ ഹദ്റത്ത് ളിറാർ (റ) ന്റെ കുന്തംകൊണ്ടുള്ള സമയോചിതമായ ആക്രമണത്താൽ നിലംപതിച്ചു. അതുപോലെ തന്റെ സഹോദരന്റെ പര്യവസാനമറിഞ്ഞ പോളും തന്റെ വ്യക്തിപരമായ ആഗ്രഹത്താൽ ഹദ്റത്ത് ഖാലിദ് (റ) ന്റെ കൈകളാൽ വധിക്കപ്പെട്ടു.

അജ്നാദൈൻ വിജയത്തിന് ശേഷം ഹദ്റത്ത് ഖാലിദ് (റ) ഇസ്‌ലാമിക സൈന്യത്തോട് വീണ്ടും ഡമാസ്കസിലേക്ക് നീങ്ങാൻ കൽപ്പിച്ചു. ഡമാസ്കസുകാർക്ക് അജ്നാദൈനിൽ റോമൻ സൈന്യം പരാജയപ്പെട്ട വാർത്ത നേരത്തെ തന്നെ ലഭിച്ചിരുന്നു. എന്നാൽ ഇസ്‌ലാമിക സൈന്യം ഡമാസ്കസിലേക്ക് വരുന്നുണ്ടെന്നറിഞ്ഞപ്പോൾ അവർ ഭയവിഹ്വലരായി. ഡമാസ്കസിന് ചുറ്റും താമസിച്ചിരുന്നവർ ഓടിക്കൊണ്ട് കോട്ടക്കുള്ളിൽ അഭയം തേടി. വലിയ തോതിൽ ധാന്യങ്ങളും മറ്റു ആവശ്യസാധനങ്ങളും സ്വരുക്കൂട്ടി. കൂടാതെ കോട്ട ഉപരോധിക്കുന്നവരെ ആക്രമിക്കാനായി ആയുധങ്ങളും യുദ്ധസാമഗ്രികളും സ്വരുക്കൂട്ടി. ഇസ്‌ലാമിക സൈന്യം ഡമാസ്കസിന് സമീപം തമ്പടിച്ചു പിന്നീട് മുന്നോട്ട് വന്നു കൊണ്ട് കോട്ടയെ ഉപരോധിച്ചു. ഡമാസ്കസിലെ നേതാക്കന്മാരും വിവേകമതികളുമായ വ്യക്തികൾ അവരുടെ ഭരണാധികാരിയായ തോമസിന് ഹിറാക്ലിയസിനോട് സഹായം തേടുക അല്ലെങ്കിൽ മുസ്‌ലിംകളുമായി സന്ധി ചെയ്യുക എന്ന അഭിപ്രായം നൽകി. എന്നാൽ അയാൾ തന്റെ അഹങ്കാരവും ഗർവ്വും പ്രകടിപ്പിച്ചുകൊണ്ട് മുസ്‌ലിംകൾക്കുമേൽ കഠിനമായ ആക്രമണം നടത്താൻ ഉത്തരവിട്ടു. ഈ ആക്രമണത്തിനിടയിൽ നിരവധി മുസ്‌ലിംകൾക്ക് പരിക്കേൽക്കുകയും ശഹീദാകുകയും ചെയ്തു. അവരിൽ ഹദ്റത്ത് അബ്ബാൻ ബിൻ സഈദും (റ) ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ നവവധു ഹദ്റത്ത് ഉമ്മെ അബ്ബാൻ (റ) വളരെ ക്ഷമയോടും നിശ്ചയദാർഢ്യത്തോടും പോരാടിക്കൊണ്ടിരുന്നു. തന്റെ അമ്പുകൾ മുഖേന നിരവധി റോമക്കാറെ വധിക്കുകയുണ്ടായി. അതുപോലെ അവസരം ലഭ്യമായപ്പോൾ തോമയുടെ കണ്ണിനെ കുറിമാനമാക്കുകയും അയാളെ എന്നന്നേക്കുമായി ഒറ്റക്കണ്ണനാക്കുകയും ചെയ്തു. അതുകൊണ്ട് തോമസ് തന്റെ സൈന്യവുമായി തിരിച്ച് കോട്ടക്കകത്തേക്ക് പ്രവേശിക്കാൻ നിർബന്ധിതനായി.

മുസ്‌ലിംകൾ ഡമാസ്കസിനെ കഠിനമായി ഉപരോധിക്കുകയായിരുന്നു. ഏതുവരെയെന്നാൽ തങ്ങൾക്ക് സഹായം ലഭിക്കുകയില്ല എന്ന് ഡമാസ്കസുകാർക്ക് ഉറപ്പായി. അവർക്കുള്ളിൽ നിസ്സഹായതയും ഭീരുത്വവും ഉണ്ടായിത്തുടങ്ങി. അവർ കൂടുതൽ ചെറുത്ത് നിൽക്കുന്നത് ഉപേക്ഷിച്ചു, മുസ്‌ലിംകളുടെ ഹൃദയത്തിൽ അവരെ കീഴടക്കാനുള്ള ആവേശം കൂടുതൽ പ്രോജ്ജ്വലമായി. ഉപരോധം നീണ്ടുനിൽക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഡമാസ്കസിലേക്ക് കയറുന്നതിനായി കുറേ കയറുകൾ ഒരുമിച്ചുകൂട്ടി ഭിത്തിക്ക് മുകളിൽ കയറാനും ഡമാസ്കസിലേക്ക് ഇറങ്ങാനും അത് കോണിപോലെ ഉപയോഗിക്കാം എന്ന ഉപായം മെനഞ്ഞു. ഈ ഉപായം സ്വീകരിച്ചുകൊണ്ട് ഇസ്‌ലാമിക സൈന്യം ഡമാസ്കസിലേക്ക് പ്രവേശിച്ചു. നാല് ഇസ്‌ലാമിക സൈന്യാധിപന്മാരും നഗരമധ്യത്തിൽ വെച്ച് കണ്ടുമുട്ടി. ഹദ്റത്ത് ഖാലിദ് (റ) ഡമാസ്കസിന്റെ ചില ഭാഗങ്ങൾ പോരാടിക്കൊണ്ട് വിജയിച്ചിരുന്നു എന്നാൽ ഹദ്റത്ത് അബൂ ഉബൈദ (റ) സന്ധിയിലേർപ്പെടാനുള്ള ആവശ്യം അംഗീകരിച്ചതിനാൽ പിടിച്ചടക്കിയ പ്രദേശങ്ങളിലും സന്ധിയുടെ നിബന്ധനകൾ പാലിക്കുകയണുണ്ടായത്.

ഹദ്റത്ത് അബൂബക്കർ (റ) ന്റെ ജീവിതകാലത്തുണ്ടായ മറ്റു ചില വശങ്ങളെ കുറിച്ച് ഇനി വിവരിക്കുന്നതാണെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.

ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ് ദക്ഷിണ ഫലസ്തീനിലെ മുൻ സദറായിരുന്ന ബഹുമാനപ്പെട്ട ഉമർ അബൂ അറക്കൂബ് സാഹിബിനെയും, മുട്ടിയിലെ ആദ്യ അഹ്മദിയായിരുന്ന തർപാർക്കർ സിന്ധ് പാകിസ്ഥാനിലെ ബഹുമാനപ്പെട്ട ശേഖ് നാസിർ അഹ്മദ് സാഹിബിനേയും, മുൻ വഖ്ഫെ ജദീദ് മുഅല്ലിം ആയ മലിക് സുൽത്താൻ അഹ്മദ് സാഹിബിനേയും

പാക്കിസ്ഥാനിൽ സഅദുല്ലാഹ് പൂരിൽ നിന്നുള്ള ബഹുമാനപ്പെട്ട മെഹ്ബൂബ് അഹ്മദ് രാജികി സാഹിബിനേയും അനുസ്മരിക്കുകയും ജുമുഅ നമസ്കാരത്തിന് ശേഷം ജനാസാ ഗായിബ് നമസ്കരിപ്പിക്കുന്നതാണെന്നും അറിയിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَ نَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 02.09.2022

Malayalam Translation: **Moulavi M. Fahin Ahmad** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**